# ഒരു നീർച്ചാലിന്റെ ഒരു ചാൺ വക്കിൽ കുറച്ചു ചെടികൾ നടാം

ഡോ. എ. ലത

കണ്ണൂർ: കേരളത്തിൽ കാടില്ലെങ്കിൽ കേരളമില്ല. ഈ വാക്കുകളുടെ ആഴങ്ങൾ തേടിപ്പോയാൽ എത്തുന്ന ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളിലേക്ക് പയ്യന്നൂർ ഐ. എസ്. ഡി. വിദ്യാലയത്തിൽ നമ്മുടെ വനം എന്ന വിഷയത്തെ ആസ്പദമാക്കി 'സീക്' സംഘടിപ്പിച്ച ദ്വിദിന ശിൽപ്പശാല വെളിച്ചം വീശി.

മനുഷ്യർ ഒരുപാട് ചോദ്യങ്ങൾക്ക് പെട്ടന്ന് ഒരുമിച്ച് ഉത്തരം തേടുന്ന ഈ കാലഘട്ടത്തിൽ പുഴകൾ നമുക്ക് ഉത്തരം തരുന്നത് നമ്മൾ കാണാതായിരിക്കുന്നു. കേരളത്തിൽ ഭൂപ്രകൃതിയേയും കാടിനേയും പുഴകളുടെ ഒഴുക്കിനേയും മഴയും പുഴയും നാട്ടിൽ എത്തിക്കുന്ന വെള്ളത്തിന്റെ അളവിനേയും തിരിച്ചറിയാതെ നമ്മുടെ ശാസ്ത്രജ്ഞരും എഞ്ചിനീയർമാരും ആസൂത്രണവിദഗ്ധരും പണിതിട്ട 60 ഓളം അണക്കെട്ടുകൾ ഇന്ന് നാടിനു തന്നെ ഭീഷണിയായിക്കൊണ്ടിരിക്കുന്നു.

കണ്ണൂർ, കാസർകോട് ജില്ലകളിലെ പ്രധാന പുഴയായ കുപ്പം, വളപ്പട്ടണം എന്നിവ ഒഴുകിക്കൊണ്ടിരിക്കണമെങ്കിൽ ഇവ ഉൽഭവിക്കുന്ന കർണ്ണാടകത്തിലെ കുടക് മലനിരകൾ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്.

കേരളത്തിന്റെ തെക്ക് മുതൽ വടക്ക് വരെ വ്യാപിച്ചു കിടക്കുന്ന 41 പുഴകളും കാടും തമ്മിലുള്ള ബന്ധം, അവ കേരളത്തിന്റെ കാലാവസ്ഥയും കൃഷിയും സംസ്കാരവും നിലനിർത്താൻ നിർവഹിക്കുന്ന കർമ്മങ്ങളും നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. വെള്ളത്തിന് ഒരിക്കലും മൂല്യം കൊടുക്കാത്ത, വിലയിടാത്ത നമ്മുടെ സമൂഹം വൈദ്യുതിയുടെ കുറവ് അനുഭവപ്പെട്ടുതുടങ്ങുമ്പോഴാണ് ജലസംഭരണികളുടെ അവസ്ഥയെക്കുറിച്ചും അവയിലേക്ക് വെള്ളം എത്തിക്കേണ്ട കാടിന്റെ അവസ്ഥയെക്കുറിച്ചും അണക്കെട്ടുകൾ കാരണം താഴോട്ട് ഒഴുകാത്ത പുഴകളുടെ അവസ്ഥയെ കുറിച്ചും മനസ്സിലാക്കാനുള്ള ശ്രമം തുടങ്ങിയിരിക്കുന്നത്.

മനുഷ്യന്റെ വികസന ആവശ്യങ്ങൾ എന്താണ്? സ്നേഹം, സുസ്ഥിരത, പങ്കാളിത്തം, ഉത്തരവാദിത്വം എന്നിവ തിരിച്ചുവരേണ്ട കാലമല്ലേ ഇത്? സ്വന്തം ജീവിതത്തിൽ എളിമ തിരിച്ചുകൊണ്ടുവരേണ്ട കാലമല്ലേ ഇത്? ഇത്തരം ചോദ്യങ്ങളോടെ ഡോ. ശാന്തി ശിൽപ്പശാലക്ക് തുടക്കം കുറിച്ചു. കാട്, പുഴ, അണക്കെട്ട് എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഡോ. സതീഷ് ചന്ദ്രൻ, കേരളത്തിലെ വൈദ്യുതി പ്രതിസന്ധിയുടെ പൊള്ളത്തരങ്ങളെ കുറിച്ച് എബി ജോർജ്ജ്, അതിരപ്പിള്ളി പദ്ധതി ഉയർത്തുന്ന ചോദ്യങ്ങളെ ആസ്പദമാക്കി എ. ലത, സീക്കിന്റെ പ്രവർത്തനങ്ങളെ കുറിച്ച് രതീഷ് എൻഡോസൾഫാൻ പ്രശ്നങ്ങളെ കുറിച്ച് സുധീർ, കണ്ണൂർ ജില്ലയിലെ വനസംരക്ഷണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഡിവിഷൻ വന കൺസർവേറ്റർ ഡി. ജയരാജ്, റെയ്ഞ്ച് ഓഫീസർ ഉത്തമൻ, എ. പത്മനാഭൻ എന്നിവർ സംസാരിച്ചു